പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1230 12.07.2016-ലെ മറുപടിക്ക്

**കിഴക്കേകോട്ടയിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ്**

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ് നിർമ്മിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ അനുവദിച്ച സ്ഥലം ഏറ്റെടുത്ത് രണ്ട് വശത്തുമായി ബസ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താത്തതു മൂലം കിഴക്കേകോട്ടയിൽ അപകടങ്ങൾ പെരുകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ പേരിൽ 2008-ൽ പട്ടയം ലഭ്യമായിട്ടുള്ളതും 2015 മുതൽ മാത്രം കരം ഒടുക്കുവാൻ അനുവദിച്ചിട്ടുള്ളതുമായ 75.25 സെന്റ് ഭൂമി കെ.എസ്.ആർ. ടി.സിയുടെ പേരിലാണ്. ടി വസ്തുവിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടത്തിനോട് ആവശ്യപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എത്ര സ്ഥലമാണ് ഇത്തരത്തിൽ ഏറ്റെടുക്കാതെ അന്യ കൈവശമുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | പകുതിയിലേറെ സ്ഥലം വിവിധ വ്യക്തികളും, സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത സ്ഥലം അടിയന്തരമായി ഒഴിപ്പിച്ച് ബസ് സ്റ്റാന്റ് വികസിപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ